# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**<u>എച്ച് ആർ എം പി നമ്പർ : 2790/11/12/2023/റ്റി വി എം.</u>**

ഹർജിക്കാരി : നിഷ റാണി കെ, ചിറക്കുഴി തെക്കേക്കര പുത്തൻവീട്, നെടുങ്കാട് കരമന പി ഓ തിരുവനന്തപുരം.

എതിർകക്ഷി :

**<u>ഉത്തരവ് തീയതി: 09-01-2026.</u>**

20-12-2012 വർഷത്തിൽ ഹർജിക്കാരിയുടെ മാതാവിനെ കാണാതായെന്നും അത് സംബന്ധിച്ച ശ്രീകാര്യം പോലീസിൽ പരാതിപ്പെട്ടിട്ടും ഒരു ഫലവും ഉണ്ടായിട്ടില്ലെന്നും പിതാവും മരണപ്പെട്ടുപോയെന്നും man missing പ്രകാരം പോലീസിൽ നിന്നും നടപടി ഉണ്ടാകാത്തതിനാൽ പിതാവിന്റെ പേരിലുള്ള വസ്തു പോക്കുവരവ് ചെയ്ത് കിട്ടുന്നില്ലെന്നും മറ്റുമാണ് ആവലാതി.

2. പരാതികക്ഷിയെ നേരിൽ കേട്ട ശേഷം കമ്മീഷൻ 07.09.2025 തീയതി ഇടക്കാല ഉത്തരവ് പാസാക്കിയിരുന്നു. മരണപ്പെട്ട പിതാവിൻറെ പേരിലുള്ള വസ്തു പോക്കുവരവ് ചെയ്തു കിട്ടുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തിരുവനന്തപുരം തഹസിൽദാർ കമ്മീഷൻ മുമ്പാകെ 3 ആഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും, കൂടാതെ ശ്രീകാര്യം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറും 09.01.2026 തീയതിയിലെ കമ്മീഷൻ സിറ്റിങ്ങിൽ നേരിട്ട് ഹാജരായി വസ്തുതകൾ വിശദീകരിക്കണമെന്നും കമ്മീഷൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചു കൂടായിരുന്നു.

3. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.01.2026 തീയതി നടന്ന കമ്മീഷൻ സിറ്റിങ്ങിൽ തിരുവനന്തപുരം തഹസിൽദാർ (LR) നെ പ്രതിനിധീകരിച്ച് ഉളിയാഴത്തുറ വില്ലേജ് ഓഫീസർ ഹാജരായി 07.01.2026 ലെ റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷി പിന്തുടർച്ച പോക്കുവരവിനുള്ള അപേക്ഷയും ആധാരത്തിന്റെ അസ്സലും പിതാവിന്റെ മരണ സർട്ടിഫിക്കറ്റും മറ്റു ആവശ്യമായ രേഖകളും ഹാജരാക്കിയാൽ പോക്കുവരവ് ചട്ടങ്ങൾ 1966 പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നു.

4. ശ്രീകാര്യം സബ് ഇൻസ്പെക്ടർ ഹാജരായി 07.01.2026 ലെ റിപ്പോർട്ട് സമർപ്പിച്ചു. ചെറുപ്പകാലം മുതൽ അനാഥാലയത്തിൽ വളർന്ന ഹർജികക്ഷിക്ക് ഇയാളുടെ മാതാവായ ഓമനയുടെ തിരോധാനവുമായി വ്യക്തമായ ധാരണകളൊന്നുമില്ലാത്തതും, ഹർജികക്ഷി പരാമർശിക്കുന്ന പോലെ 2012 വർഷം ഓമന എന്ന സ്ത്രീയെ കാണാതായതിലേക്ക് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചതായോ ക്രൈം കേസ് രജിസ്റ്റർ ചെയ്തതായോ ബന്ധപ്പെട്ട റിക്കാഡുകൾ പരിശോധിച്ചതിൽ കാണപ്പെട്ടിട്ടില്ലാത്തതാണെന്നും, പരാതികക്ഷി 2012 മുതൽ ഓമനയെ

കാണാതായതായി കാണിച്ച 9 വർഷങ്ങൾക്ക് ശേഷം പോലീസിനെ സമീപിച്ചിട്ടുള്ളതും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Rohini.S.T vs Tahasildar,Aluva East and other 2021 WP(C) No.2407/2021 തുടങ്ങിയവയിലേക്ക് സമാന വിഷയത്തിന് പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം പോലീസിൻ്റെ FIR റിപ്പോർട്ട് ഇത്തരം വിഷയങ്ങളിൽ അനിവാര്യമല്ല എന്ന് പരാമർശിച്ചിട്ടുള്ളതാകുന്നു എന്നും റിപ്പോർട്ടിൽ പ്രതിപാദിച്ച കാണുന്നു.

5. റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും man missing സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ ഇപ്പോൾ പരാതികക്ഷിയുടെയും അമ്മയുടെയും പേരിൽ പോക്കുവരവ് ചെയ്തു നൽകാമെന്നും ആർ.ഡി.ഒ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന മുറയ്ക്ക് പരാതികക്ഷിയുടെ പേരിൽ മാത്രമായി പോക്കുവരവ് ചെയ്തു നൽകാമെന്നും വില്ലേജ് ഓഫീസർ കമ്മീഷനെ അറിയിക്കുകയുണ്ടായി. പരാതികക്ഷിയും ഹാജരായി.

6. കമ്മീഷൻ കേസ് വിശദമായി പരിശോധിച്ചു. വില്ലേജ് ഓഫീസർ അറിയിച്ച പ്രകാരം വസ്തു പോക്കുവരവ് ചെയ്തു കിട്ടുന്നതിനുള്ള അപേക്ഷ ഹർജികക്ഷി തിരുവനന്തപുരം തഹസിൽദാർ (LR) ന് നൽകുക. അപ്രകാരം അപേക്ഷ ലഭിച്ചാൽ പരാതികക്ഷിയുടെയും മാതാവിൻെറയും പേരിൽ പോക്കുവരവ് ചെയ്തുകൊടുക്കാനുള്ള നടപടി 6 ആഴ്ചയ്ക്കുള്ളിൽ തഹസീൽദാർ സ്വീകരിക്കേണ്ടതാണ്.

7. man missing സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ ഹർജികക്ഷി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകേണ്ടതാണ്. FIR രജിസ്റ്റർ ചെയ്യാത്തതുകാരണം സർട്ടിഫിക്കറ്റ് അനുവദിക്കാത്തത് നിയമവിരുദ്ധമാണ്. ബഹു ഹൈക്കോടതി WP(C) No.2407/2021 ഉത്തരവ് പ്രകാരം പോലീസിൻെറ FIR റിപ്പോർട്ട് ഇത്തരം വിഷയങ്ങളിൽ അനിവാര്യമല്ലായെന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്.. ഇന്ത്യൻ തെളിവുനിയമം 108 പ്രകാരം( BSA Section 111) കാണാതായി 7 വർഷം കഴിഞ്ഞാൽ അനുമാനം( Presumption) സർട്ടിഫിക്കറ്റ് ആർ.ഡി.ഒ നൽകാവുന്നതാണ്. ശ്രീകാര്യം സ്റ്റേഷൻ ഹൗസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ഈ കേസിലും പോലീസ് റിപ്പോർട്ടായി ആർ.ഡി.ഓ പരിഗണിക്കേണ്ടതാണ്. ആയതിനാൽ പരാതികക്ഷി അപേക്ഷ നൽകി 2 മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് അനുവദിക്കാനുള്ള നടപടി ആർ.ഡി.ഒ സ്വീകരിക്കേണ്ടതാണ്. ഈ ഉത്തവിനോടൊപ്പം ശ്രീകാര്യം സ്റ്റേഷൻ ഹൗസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൻെറ പകർപ്പുകൂടി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം തഹസിൽദാർ (LR) എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

(ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.